**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൃശൂർ നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. ജയശങ്കർ വി.എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1679/16 ലെ 21.11.2016 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 660/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.03.2017.

---

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ ഇ6-16362/16 നമ്പർ ഉത്തരവ്.
2) നഗരകാര്യ ഡയറക്ടറുടെ 04.08.2016 തീയതിയിലെ ഇ6-16362/16 നമ്പർ ഉത്തരവ്.
3) തൃശൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ. ജയശങ്കർ വി.എസ്. സർക്കാരിൽ സമർപ്പിച്ച 07.10.2016 തീയതിയിലെ അപ്പീൽ ഹർജി (Annexure MA1).
4) ശ്രീ. ജയശങ്കർ. വി.എസ്. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1679/16 ൽ 21.11.2016 തീയതിയിലുണ്ടായ വിധിന്യായം.
5) നഗരകാര്യ ഡയറക്ടറുടെ 19.01.2017 തീയതിയിലെ ഇ3-17251/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ ട്രാൻസ്ഫർ & പോസ്റ്റിംഗ് നടത്തി നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിൽ തൃശൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ. വി.എസ് ജയശങ്കറിനെ തൃശൂർ കോർപ്പറേഷനിൽ നിന്നും കാഞ്ഞങ്ങാട് നഗരസഭയിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിരുന്നത്. പിന്നീട് പരാമർശം 2 ലെ ഉത്തരവ് പ്രകാരം ടിയാനെ ഭരണപരമായ സൗകര്യാർത്ഥം കാഞ്ഞങ്ങാട് നഗരസഭയിൽ നിന്നും കാസർഗോഡ് നഗരസഭയിലേയ്ക്ക് മാറ്റി നിയമിച്ചു. തനിയ്ക്ക് തൃശൂർ നഗരസഭയിലോ, തൃശൂർ ജില്ലയിലെ മറ്റു നഗരസഭകളിൽ ഏതിലെങ്കിലുമൊന്നിലോ നിയമനം നൽകണണമെന്നപേക്ഷിച്ച് ശ്രീ. വി.എസ്. ജയശങ്കർ പരാമർശം 3 പ്രകാരം സർക്കാരിന് അപ്പീൽ സമർപ്പിച്ചിരുന്നു.

2. മേൽ വിഷയത്തിൽ ശ്രീ. വി.എസ്. ജയശങ്കർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA No. 1679/2016 ചെയ്തിരുന്നു. ഹർജിക്കാരൻ തൃശൂർ കോർപ്പറേഷനിൽ 3 വർഷം തികച്ചിട്ടില്ല എന്ന വസ്തുതയും, കരട് ട്രാൻസ്ഫർ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുതയും കോടതിയുടെ ശ്രദ്ധയിൽ വന്നിരുന്നു. 26.07.2016 ലെ interim ഉത്തരവിൽ ഹർജിക്കാരന്റെ ട്രാൻസ്ഫർ കോടതി stay ചെയ്തു.

3. ശ്രീ.വി.എസ്. ജയശങ്കർ ഫയൽ ചെയ്ത OA No. 1679/2016 പരാമർശം 4 പ്രകാരം ബഹു. ട്രിബ്യൂണൽ തീർപ്പ് കൽപ്പിച്ചു. ആയതിൽ ഹർജിക്കാരന്റെ MA1 റെപ്രസെന്റേഷൻ ടിയാനെയും, ആ തീരുമാനം ബാധിക്കാനിടയുള്ളവരെയും നേരിട്ട് കേട്ട് 2 മാസത്തിനകം തീർപ്പാക്കി ഹർജിക്കാരന് അറിയിപ്പ് നൽകണമെന്നും, പ്രസ്തുത തീരുമാനം കമ്മ്യൂണിക്കേറ്റ് ചെയ്ത് 7 ദിവസം കൂടി Interim Order പ്രാബല്യത്തിലുണ്ടാകുമെന്നും ബഹു. ട്രിബ്യുണൽ വിധിച്ചിരുന്നു.

4. പരാമർശം 4 ലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥനെ നേരിൽ കേട്ടു. തന്നെ കാഞ്ഞങ്ങാട് നഗരസഭയിലേയ്ക്ക് ഭരണ സൗകര്യാർത്ഥമെന്ന് കാണിച്ച് ട്രാൻസ്ഫർ ചെയ്തപ്പോൾ അവിടെ തന്നെ അക്കോമഡേറ്റ് ചെയ്യുവാൻ ഒഴിവുണ്ടായിരുന്നില്ലായെന്നും, തൃശൂർ കോർപ്പറേഷനിൽ ടി ട്രാൻസ്ഫർ സമയത്ത് 3 വർഷം ജോലി ചെയ്തിട്ടില്ല എന്നും, തനിയ്ക്ക് 76 വയസ്സുള്ള അമ്മയും 6 വയസ്സുള്ള മകനും ഉണ്ടെന്നും, ഭാര്യ മനോരോഗത്തിന് ചികിത്സയിലാണെന്നും, അതിനാൽ തന്നെ തൃശൂർ നഗരസഭയിലേയ്ക്കോ, ഇരിങ്ങാലക്കുട നഗരസഭയിലേയ്ക്കോ, ട്രാൻസ്ഫർ ചെയ്യണമെന്നും ടിയാൻ 25.07.2016 ലെ റെപ്രസെന്റേഷനിലും, ഹിയറിംഗ് വേളയിലും, അപേക്ഷിച്ചു.

5. മേൽപ്പറഞ്ഞ അപ്പീൽ ഹർജി 04.04.2007 ലെ G.O(MS) 105/2007/LSGD നമ്പർ പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ട്രാൻസ്ഫർ നോംസിന്റെയും, നഗരകാര്യ ഡയറക്ടറുടെ പരാമർശം 5 പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ട്രാൻസ്ഫർ നോംസിന്റെ ഖണ്ഡിക 4 പ്രകാരം 20 KM റേഡിയസിലുള്ള സ്റ്റേഷനുകൾ മാത്രമാണ് same station ആയി പരിഗണിക്കുന്നത്. ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും തൃശൂർ നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട ശ്രീ. വി.എസ്. ജയശങ്കർ തൃശൂർ നഗരസഭയിൽ 3 വർഷം തികയ്ക്കുന്നതിനു മുമ്പാണ് ടിയാനെ 22.07.2016 ൽ കാഞ്ഞങ്ങാട് നഗരസഭയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ശ്രീ. ജയശങ്കറിന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ തൃശൂർ നഗരസഭയിൽ തുടർന്നും നിലനിർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം 1, 2 ഉത്തരവുകളിലെ ശ്രീ. വി.എസ്. ജയശങ്കറിന്റെ ട്രാൻസ്ഫർ സംബന്ധമായ ഭാഗം മാത്രം റദ്ദ് ചെയ്തുകൊണ്ടും, ടിയാനെ തൃശൂർ നഗരസഭയിൽ തുടരുവാൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിനെ തുടർന്ന് 3 വർഷം തൃശൂർ കോർപ്പറേഷനിൽ തുടർന്നതിനു ശേഷം പിന്നീടുള്ള ജനറൽ ട്രാൻസ്ഫറിൽ ടിയാനെ തൃശൂർ കോർപ്പറേഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിന് ഒരു വിലക്കായി കണക്കാക്കാവുന്നതല്ല എന്നും ഉത്തരവാകുന്നു.

7. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 4 ലെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജയശങ്കർ, സീനിയർ ക്ലാർക്ക്, തൃശൂർ നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ